I/50413/2024

<u>ഭരണഭാഷ-മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്**
**വികാസ്ഭവൻ, തിരുവനന്തപുരം-695033**
**ഫോൺ/ഫാക്സ്:** 0471-2305318/0471-2305317
**ഇ-മെയിൽ:** ecostatdir@gmail.com
Website: www.ecostat.kerala.gov.in

---

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: ശ്രീകുമാർ. ബി)**

വിഷയം: - ഡിഇഎസ് – വിജിലൻസ് വിഭാഗം-ശ്രീ.ഷിബു.ആർ.വി, സ്റ്റാറ്റിസ്റ്റിക്കൽ, അസിസ്റ്റന്റ് ഗ്രേഡ്-I -അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് - അച്ചടക്കനടപടി -സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1 ഈ ഓഫീസിലെ 15/11/2021 ലെ ഡിഇഎസ്/3742/2021-ഇ.എ(4) നമ്പർ ഉത്തരവ്
2 ഈ ഓഫീസിലെ 12/10/2022 ലെ ഇതേ നമ്പർ നോട്ടീസ്
3 ഈ ഓഫീസിലെ 23/03/2023 ലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും, കുറ്റപത്രവും
4 ഈ ഓഫീസിലെ 30/11/2023 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5 സ.ഉ. (അച്ചടി) നം.152/2020/ധന.തീയതി.05/11/2020

**<u>ഉത്തരവ് നം: DES/3283/2022/VIG; തീയതി: 21-02-2024</u>**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I ജോലി നോക്കി വരവെ പരാമർശം (1) ഉത്തരവ് പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ.ഷിബു.ആർ.വി അനുവദിക്കപ്പെട്ട അവധി കാലയളവ് 18/12/2021 അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഉടൻതന്നെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും, അല്ലാത്ത പക്ഷം കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിച്ച് പരാമർശം (2) പ്രകാരം

ടിയാന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന് ടിയാൻ മറുപടി നൽകുകയോ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിരുന്നില്ല. അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (3) പ്രകാരം നൽകിയ കുറ്റപത്രവും, കുറ്റാരോപണ പത്രികയും ടിയാൻ കൈപ്പറ്റിയിരുന്നുവെങ്കിലും നിശ്ചിത സമയപരിധികഴിഞ്ഞിട്ടും എതിർവാദപത്രിക സമർപ്പിച്ചിരുന്നില്ല. ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊണ്ടും, ടി തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കുന്നതിനും പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ റിയാനിൽ നിന്നും മറുപടി ലഭിക്കുകയോ, ഈ ഓഫീസുമായി ബന്ധപ്പെടുകയോ, ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ശ്രീ.ഷിബു.ആർ.വി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I-നെ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആൻഡ് അപ്പീൽ) റൂൾസ് പ്രകാരവും, കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A ചട്ടം 10 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി എടുത്തിരുന്ന തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെ 19/12/2021 പൂർവ്വാഹനം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Sreekumar B
Date: 21-02-2024 18:21:34
DIRECTOR

ശ്രീ.ഷിബു.ആർ.വി,
ആർ.വി സദനം
കാഞ്ഞിരംകുളം,തിരുവനന്തപുരം
പിൻ-695524

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ.
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ജീവനക്കാര്യ വിഭാഗം/ഗ്രഡേഷൻ
4. ഫയൽ/കരുതൽ ഫയൽ